



## വിചിന്തനം

ഫെബ്രുവരി 2022

''ഞാൻ നിങ്ങളിൽ പ്രാണൻ നിവേശിപ്പിക്കും;
നിങ്ങൾ ജീവിക്കും''
(എസെക്കിയേൽ 37,5)

നാം ശ്വസിക്കുന്നു, നിശ്വസിക്കുന്നു. വീണ്ടും ശ്വസിക്കുന്നു, വീണ്ടും നിശ്വസിക്കുന്നു. ശ്വസനം നടക്കുന്നുണ്ടോ എന്ന് പരിശോധിച്ചറിയാൻ ആരും തുനിയാറില്ല. സാധാരണഗതിയിൽ ശ്വസനം ഇടതടവില്ലാതെ നടക്കുന്ന ഒരു പ്രക്രിയയാണ്. അത് എന്നും അങ്ങനെയായിരുന്നു. അങ്ങനെതന്നെ തുടരുമെന്നും നാം വിചാരിച്ചിരുന്നു. എന്നാൽ ഏതാനും വർഷങ്ങളായി ശ്വസനമെന്ന ഈ സ്വാഭാവിക പ്രക്രിയപോലും പലർക്കും വലിയ വെല്ലുവിളിയായി മാറിയിട്ടുണ്ട്. മാസ്കിലൂടെയുള്ള ശ്വസനം ചിലർക്ക് വിഷമകരമാണ്. മറ്റുചിലർക്കാകട്ടെ, കൊറോണ വൈറസ് ബാധമൂലം ശ്വസന പ്രക്രിയതന്നെ തടസ്സപ്പെടുന്നു. നാം ഒന്നും ചെയ്യാതെതന്നെ എന്നത്തെയും പോലെ ശാരീരികമായ ശ്വസനം നടന്നുപോകുമെന്ന നമ്മുടെ വിചാരം ഇവിടെ തെറ്റിപ്പോകുകയാണ്. എന്നുവച്ചാൽ ശ്വസനമെന്ന ശാരീരിക പ്രതിഭാസത്തിന് ഇനി നമ്മൾ കൂടുതൽ ശ്രദ്ധ നൽകേണ്ടിവരുമെന്നർഥം. അങ്ങനെയാണെങ്കിൽ, ദൈവത്തിൽനിന്നു നമ്മുടെ ആത്മാവിലേക്കെത്തുന്ന ജീവവായുവിനെക്കുറിച്ച് നാം എത്രയോ ശ്രദ്ധയുള്ളവരായിരിക്കണം? കാരണം, നമ്മെ ജീവിപ്പിക്കുന്നതും നമ്മുടെ ജീവിതത്തിന് അർഥം നൽകുന്നതും ദൈവത്തിന്റെ ഈ നിശ്വാസമാണല്ലോ!

ദൈവം ആദത്തിന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിച്ച് അവനു ജീവൻ പകരുന്ന സംഭവം ബൈബിളിന്റെ ആരംഭഭാഗത്ത് നാം കാണുന്നുണ്ട്. ജീവശ്വാസവുമായി ബന്ധപ്പെട്ട മറ്റൊരു സംഭവം വിവരിക്കുന്നത് എസെക്കിയേലിന്റെ പുസ്തകത്തിലാണ്. താഴ്‌വരയിൽ കുന്നുകൂടിയിരുന്ന വരണ്ട അസ്ഥികൾക്ക് അതു ജീവൻ പകരുന്നു. നമ്മുടെ ജീവിതങ്ങളുമായി ബന്ധപ്പെട്ട മൂന്നു യാഥാർഥ്യങ്ങളെ ഈ സംഭവം വരച്ചുകാണിക്കുന്നുണ്ട്. വരണ്ട അസ്ഥികളോട് എസെക്കിയേൽ നടത്തിയ മൂന്നു പ്രവചനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്ന ആ യാഥാർഥ്യങ്ങൾ ഇവയാണ് - ജീവിക്കുക, ശ്വസിക്കുക, പുനസ്ഥാപിക്കപ്പെടുക.

ഒന്നുചിന്തിച്ചാൽ വരണ്ട അസ്ഥികൾ നിറഞ്ഞ താഴ്‌വരകൾ നമ്മുടെ ഹൃദയങ്ങളിൽതന്നെയില്ലേ? നമ്മുടെയോ മറ്റുള്ളവരുടെയോ പാപങ്ങളാൽ മുറിവേൽക്കുകയും തീരാദുഖങ്ങളിൽ വീഴുകയും ചെയ്ത അനുഭവങ്ങൾ. പ്രത്യാശയറ്റതും ലക്ഷ്യം നഷ്ടപ്പെട്ടതുമായ സമയങ്ങൾ. ഇങ്ങനെ ജീവനിൽനിന്നു വേർപെട്ടതും പരിത്യജിക്കപ്പെട്ടതുമായ അസ്ഥികൾ നമ്മുടെ ഹൃദയങ്ങളുടെ ഏതൊക്കെയോ ഇരുണ്ട താഴ്‌വരകളിൽ നിറഞ്ഞുകിടക്കുകയാണ്. വീണ്ടും ജീവിക്കുക എന്ന പ്രവാചക ശബ്ദം നമ്മുടെ ജീവിതത്തെ സംബന്ധിച്ചും ഒരു യാഥാർഥ്യമാകുന്നത് ഇങ്ങനെയാണ്.

രണ്ടാമതായി, ദൈവത്തിൽനിന്നു പുറപ്പെടുന്ന ജീവശ്വാസത്തെ അസ്ഥികളിലേക്കു പ്രവേശിപ്പിക്കാൻ എസെക്കിയേലിനോടു ദൈവം ആവശ്യപ്പെടുകയാണ്. കാരണം, അസ്ഥികൾ മാംസമണിഞ്ഞപ്പോഴും അവയ്ക്കു ജീവൻ ലഭിച്ചിരുന്നില്ല. നമ്മുടെ ബന്ധങ്ങളിലും ശുശ്രൂഷകളിലുമെല്ലാം ഇങ്ങനെ സംഭവിക്കാൻ സാധ്യതയുണ്ട്. തിരക്കേറിയ ജീവിതവുമായി മുന്നോട്ടുപോകുമ്പോഴും യഥാർഥ ജീവനും തീക്ഷ്ണതയും നമ്മിൽ ഇല്ലാതെ വന്നേക്കാം. നമ്മുടെ ശരീരത്തിൽ ജീവനുണ്ടാകാം. ജീവിക്കാൻ ആവശ്യമായതെല്ലാം സുലഭമായിരിക്കാം. എന്നാൽ ക്രിസ്ത്യാനിയെന്ന നിലയിൽ നമുക്കു വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന ആനന്ദം നിറഞ്ഞതും ലക്ഷ്യോന്മുഖവുമായ ജീവന്റെ നിറവ് നാം അനുഭവിക്കുന്നുണ്ടോ എന്നതാണു ചോദ്യം. നിർഭാഗ്യവശാൽ, ഭാരമേറിയ ഉത്തരവാദിത്തങ്ങളാൽ എരിഞ്ഞുതീരുന്ന ജീസസ് യൂത്ത് ലീഡറെയും ക്ഷീണിച്ചുപോകുന്ന മാതാവിനെയും പിതാവിനെയുമൊക്കെയാണ് നാം നമ്മിൽത്തന്നെയും മറ്റുള്ളവരിലും സാധാരണയായി കാണുന്നത്.

മാംസവും ചർമവും പൊതിഞ്ഞ അസ്ഥികളിലേക്ക് ജീവൻ പ്രവേശിച്ചിട്ടും എസെക്കിയേലിന്റെ ജോലി പൂർത്തിയാകുന്നില്ല. മൂന്നാമത്തെ പ്രവചനത്തിനായി ദൈവം അദ്ദേഹത്തെ ക്ഷണിക്കുകയാണ്. പുനസ്ഥാപനത്തിന്റെയും പ്രതീക്ഷയുടെയും ജീവവായുവാണ് അവരിലേക്ക് എസെക്കിയേൽ എത്തിക്കുന്നത്. ഈ ശരീരങ്ങൾ വീണ്ടും ജീവിക്കണമെന്നു മാത്രമല്ല ദൈവം ആഗ്രഹിക്കുന്നത്. മറിച്ച് അവരുടെ ജീവൻ പൂർണതയിൽ പുനസ്ഥാപിക്കപ്പെടണമെന്നുകൂടിയാണ്. വരണ്ടുണങ്ങിയ അസ്ഥികളെ എസെക്കിയേലിന്റെ പ്രവചനങ്ങളിലൂടെ ജീവനിലേക്കു മടക്കിക്കൊണ്ടുവരികയും ജീവവായു പ്രവഹിപ്പിക്കുകയും നഷ്ടമഹത്വത്തെ പുനസ്ഥാപിക്കുകയും ചെയ്യുന്നതിലൂടെ തന്റെ ജനതയോടുള്ള അവിടുത്തെ അനശ്വരവും അഗാധവുമായ സ്നേഹമാണു വെളിപ്പെടുന്നത്.

ആദ്യത്തെ രണ്ടു യാഥാർഥ്യങ്ങളും വേദനാജനകമാണ്. അവസാനം എന്താകുമെന്ന് ഒരു ധാരണയുമില്ലാതെ നാം മുന്നോട്ടു നിങ്ങേണ്ടി വരും. പക്ഷേ, സ്വന്തം ജനത്തെ ഒരിക്കലും പരിത്യജിക്കാതെ വിശ്വസ്തത പുലർത്തുന്ന ഒരു ദൈവത്തെയാണ് നാം ഇവിടെ കാണുന്നത്. സാധാരണക്കാരായ പ്രവാചകരിലൂടെ നമ്മുടെ ജീവിതങ്ങളിലും ദൈവം പുതുജീവനും ചൈതന്യവും നിറയ്ക്കുന്നുണ്ടെന്നതിൽ സംശയമില്ല. ഇത് നാം നമ്മുടെ വ്യക്തിജീവിതങ്ങളിൽ ഉറപ്പായും അനുഭവിച്ചിട്ടുണ്ടാകും. കൃത്യസമയത്ത് സുഹൃത്തിന്റെ ഒരു ഫോൺ വിളി, റേഡിയോയിൽ കേൾക്കുന്ന ഒരു ഗാനം ഇങ്ങനെ എന്തെല്ലാം മാർഗങ്ങളിലൂടെയാണ് ദൈവത്തിന്റെ സ്വരം നാം കേൾക്കുന്നത്! ആകുലതകളുടെ സമയത്തുള്ള ഈ ഇടപെടലുകളിലൂടെ ഏതു ദുരന്തമുഖത്തും നമ്മെ കൈവിടില്ലെന്ന് അവിടുന്ന് വീണ്ടും ഓർമപ്പെടുത്തുകയാണ്. നമ്മുടെ ജീവിതവും ലക്ഷ്യവും വീണ്ടെടുക്കാൻ ദൈവം നമ്മുടെ സഹജീവികളിലൂടെയും പ്രവർത്തിക്കുന്നുണ്ടെന്നതാണു സത്യം. അതിനാൽ മൂന്നാമത്തെ യാഥാർഥ്യം മറ്റുള്ളവരുടെ ജീവിതങ്ങളിൽ പ്രവാചകശബ്ദമാകാൻ നമുക്കുള്ള ക്ഷണമാണ്. കുടുംബങ്ങളിൽ, ജോലിസ്ഥലങ്ങളിൽ, ശുശ്രൂഷാ മേഖലകളിൽ എന്നുവേണ്ട എല്ലായിടത്തും സത്യത്തിന്റെയും പ്രത്യാശയുടെയും വാഹകരാകുക എന്നാണ് ഇതിനർഥം. ആത്യന്തികമായി ദൈവമാണു ജീവൻ പകരുന്നത്. എന്നാൽ അതിനായി നമ്മുടെ സന്നദ്ധതയും സത്യത്തോടൊപ്പം നിൽക്കാനുള്ള ധൈര്യവും അവിടുന്ന് ആവശ്യപ്പെടുന്നു. നാം തയാറെങ്കിൽ ഏതുതകർച്ചയിലും ജീവന്റെ നിറവ് പുനസ്ഥാപിക്കാൻ അവിടുത്തേക്കു സാധിക്കും.

ജീസസ് യൂത്ത് എന്ന നിലയിൽ ഈ മൂന്നു യഥാർഥ്യങ്ങളെയും ജീവിതത്തിന്റെ പലവേദികളിലും നാം കണ്ടുമുട്ടിയിട്ടുണ്ടാകും. നമ്മുടെ അനുദിനജീവിതത്തിൽ പ്രത്യാശ നിറയ്ക്കാനായി ദൈവം അയയ്ക്കുന്ന പ്രവാചകൻമാരെ നാം എങ്ങനെ സ്വീകരിക്കുന്നു എന്നു നമുക്കു പരിശോധിക്കാം. പുതുജീവനുവേണ്ടി ദാഹിക്കുന്ന അനേകരുടെ മുന്നിൽ സത്യം സംസാരിക്കാനുള്ള കർത്താവിന്റെ വിളിയോട് നാം എങ്ങനെ പ്രത്യുത്തരിക്കുന്നുവെന്നും ചിന്തിക്കാം. ഈ രണ്ടുചിന്തകളും നമ്മിൽ ആഴപ്പെടണം. കാരണം, നാം എടുക്കുന്ന ഓരോ ശ്വാസവും ദൈവത്തിന്റെ ജീവശ്വാസമായി രൂപാന്തരപ്പെടേണ്ടതാണ്.

–ജിലു ചെങ്ങാട്ട്

ജീസസ് യൂത്ത് അമേരിക്കയുടെ മുൻ കോഓർഡിനേറ്റർ ആണ് ജിലു.
ഭർത്താവ് റോജറും മൂന്ന് മക്കളുമൊത്ത് മസാച്ചുസെറ്റ്സിൽ താമസം.